# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ മുഖപത്രം)

**'അലകൾ' വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ**
**60 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ടാങ്ക് റോഡ്
പുളിമൂട്, തിരുവനന്തപുരം - 695 001

പുസ്തകം 4 ലക്കം 35 ◂◂ തിരുവനന്തപുരം ◂◂ 2013 ഏപ്രിൽ 1–15 ◂◂ www.alakal.net ◂◂ വില 2 രൂപ

## തീരക്കടലും കടൽക്കരയും കായലും മീൻപിടിത്ത സമൂഹത്തിന് അന്യമാകുന്നു

തിരുവനന്തപുരം: കടൽ മത്സ്യബന്ധനത്തിൽ നേരിട്ട് ഏർപ്പെടുന്ന രണ്ടുലക്ഷത്തോളം മത്സ്യതൊഴിലാളികളും അവരെ ആശ്രയിച്ചു കഴിയുന്ന എട്ടുലക്ഷത്തോളം കുടുംബാംഗങ്ങളും ഉൾനാടൻ ജലാശയങ്ങളിൽ നേരിട്ട് പണിയെടുക്കുന്ന അൻപതിനായിരത്തിലേറെ മീൻപിടിത്തക്കാരും അവരെ ആശ്രയിച്ചു കഴിയുന്ന രണ്ട്ലക്ഷത്തോളം കുടുംബാംഗങ്ങളും ഈ മേഖലയിലെ അനുബന്ധ തൊഴിലാളികളും ഉൾപ്പെടെ പതിമൂന്ന് ലക്ഷം മത്സ്യതൊഴിലാളി സമൂഹമുള്ള നാടാണ് കേരളമെന്ന വസ്തുത ഭരണകർത്താക്കൾ വിസ്മരിച്ചുകൊണ്ടാണ് ഓരോ ഇടപെടലുകളും നടത്തിവരുന്നത്. ഈ ജനവിഭാഗത്തിന്റെ ഭാവിയെ തകർക്കുന്ന തീരുമാനങ്ങളുമായാണ് മുന്നോട്ടു പോകുന്നതെങ്കിൽ ഭരണനേതൃത്വത്തിന് മത്സ്യതൊഴിലാളികളിൽ നിന്നും വലിയ തിരിച്ചടി നേരിടേണ്ടിവരും.

വിനോദ സഞ്ചാര വികസനം ലക്ഷ്യമാക്കികൊണ്ട് ചില സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ലാഭത്തിനായി ഉൾനാടൻ മീൻ പിടിത്ത സമൂഹത്തെ കുരുതി കൊടുക്കാൻ "സീപ്ലെയിൽ" പദ്ധതിയുമായി സർക്കാർ രംഗപ്രവേശം ചെയ്തിരിക്കുന്നു. ആദ്യഘട്ടമെന്ന നിലയ്ക്ക് അഷ്ടമുടി, കുമരകം, പുന്നമട, വേമ്പനാട്, ബേക്കൽ എന്നിവയാണ് സീപ്ലെയിൽ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ മീൻപിടിത്ത സമൂഹത്തിന് തൊഴിൽ നഷ്ടപ്പെടുമെന്നു മാത്രമല്ല കാലക്രമേണ ഇവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ നിരോധിത മേഖലയായി പ്രഖ്യാപിക്കപ്പെടുകയും അവിടേയ്ക്കുള്ള പ്രവേശനം പോലും നിഷേധിക്കപ്പെടുകയും ചെയ്യും. ഉൾനാടൻ ജലാശയങ്ങളിൽ പണിയെടുക്കുന്ന മീൻപിടിത്ത സമൂഹത്തെ പട്ടിണിക്കിട്ടുകൊണ്ടുള്ള വികസനമാണ് സർക്കാരിന്റെ ലക്ഷ്യം.

ചരക്ക് ഗതാഗതത്തിന്റെ പേരുപറഞ്ഞുകൊണ്ടാണ് തീരക്കടലിലൂടെയുള്ള കപ്പൽ ഗതാഗതത്തിനായി മറ്റൊരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരിക്കുന്നത്. വിഴിഞ്ഞം, കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ മത്സ്യബന്ധന ഹാർബറുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ് തീരക്കടൽ കപ്പൽ ഗതാഗതം. കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരക്കടലിൽ ഉടനീളം മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത-ചെറുകിട മീൻപിടിത്തക്കാരുടെ ഉപജീവനത്തെ കണക്കിലെടുക്കാതെപോകുന്ന ഭരണകർത്താക്കളുടെ ദാർഢ്യം അനുവദിച്ചുകൊടുക്കാമോ എന്നത് മത്സ്യതൊഴിലാളി സമൂഹം ഒന്നടങ്കം ചിന്തിക്കേണ്ട സമയമാണിത്. രാത്രിയും പകലും കട്ടമരവും വള്ളവും ബോട്ടും ഉപയോഗിച്ച് വല നീട്ടിയിടുമ്പോൾ അതിനെ കീറിമുറിച്ചുകൊണ്ടായിരിക്കും തലങ്ങും വിലങ്ങുമുള്ള കപ്പൽ സഞ്ചാരം. മത്സ്യതൊഴിലാളി സമൂഹത്തിന്റെ നിലനിൽപ്പിനെ തകർക്കുന്ന തീരക്കടൽ കപ്പൽഗതാഗതം ഒരു തരത്തിലും അനുവദിച്ചുകൂടാ. തീരത്തു നിന്നും 60 കിലോമീറ്ററെങ്കിലും അകലത്തിൽ മാത്രമേ കപ്പൽ ഗതാഗതം അനുവദിക്കാവു. ചരക്കു ഗതാഗതത്തിന്റെ മറവിൽ വൻകള്ളക്കടത്ത് വ്യാപകമാകാൻ ഇത് ഇടവരുത്തും. മാത്രവുമല്ല, രാജ്യസുരക്ഷയെപ്പോലും ഇത് പ്രതികൂലമായി ബാധിക്കും. തീരദേശത്തെ സമാധാന അന്തരീക്ഷത്തെപ്പോലും തകിടംമറിക്കുമെന്ന് മത്സ്യതൊഴിലാളികൾ ആശങ്കപ്പെടുകയാണ്. സർക്കാർ ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് മത്സ്യതൊഴിലാളികൾ ആവശ്യപ്പെടുന്നത്.

കടൽ നികത്തി കരയാക്കി അവ വിറ്റ് കാശാക്കാനുള്ള അടുത്തൊരു പദ്ധതിയ്ക്കും അണിയറ നീക്കം ആരംഭിച്ചിരിക്കുന്നു. മത്സ്യതൊഴിലാളികളുടെ എതിർപ്പിനെ തുടർന്ന് ഉപേക്ഷിക്കപ്പെട്ട കടൽ നികത്തൽ പദ്ധതിയുടെ ഫയലാണ് വീണ്ടും പൊടിയും തട്ടി മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് എത്തിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായുള്ള പഠനം നടത്തുമെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. ഒരിടത്ത് കടൽ നികത്തിയാൽ സമീപ പ്രദേശങ്ങളിലെ മറ്റ് പലയിടങ്ങളിലും രൂക്ഷമായ കടൽകയറ്റമുണ്ടാകുമെന്നത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? മത്സ്യതൊഴിലാളി സമൂഹത്തിന് എന്ത് സംഭവിച്ചാലും പ്രശ്നമില്ല. കടലും കരയും റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് കൈമാറുകയും അതിലൂടെ വൻ കോഴ കൈപ്പറ്റുകയുമാണ് ചില തല്പര കക്ഷികളുടെ ലക്ഷ്യം. അതിന് മുഖ്യമന്ത്രി കൂട്ടുനിൽക്കരുത്. നടപ്പാക്കാൻ കഴിയാത്ത പദ്ധതിയാണെന്നിരിക്കെ ഖജനാവിലെ കോടികൾ ചെലവഴിച്ചുകൊണ്ടുള്ള പഠനത്തിന്റെ ആവശ്യവും നമുക്കുവേണ്ട. പഠനത്തിനായി ചെലവഴിക്കേണ്ടിവരുന്ന തുക പട്ടിണിപാവങ്ങളായ സാധാരണക്കാരുടെ ക്ഷേമത്തിനായി ഉപയോഗിച്ചുകൂടെ എന്നാണ് മത്സ്യതൊഴിലാളികൾ ചോദിക്കുന്നത്.

മത്സ്യതൊഴിലാളി സമൂഹത്തെ ഒന്നടങ്കം ദുരിതത്തിലാഴ്ത്തിക്കൊണ്ടുള്ള വികസനം നമുക്ക് വേണ്ട. ഭകണകർത്താക്കൾ തങ്ങളുടെ ഇത്തരം നിലപാട് മാറ്റുന്നില്ലെങ്കിൽ വരും നാളുകളിൽ ശക്തമായ മത്സ്യതൊഴിലാളി പ്രക്ഷോഭം നേരിടേണ്ടിവരുമെന്ന് മത്സ്യതൊഴിലാളികൾ തന്നെ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്.

## ഇറ്റാലിയൻ ഭടന്മാരെ ഇന്ത്യയിലെ കൽത്തുറങ്കിൽ അടയ്ക്കണം

തിരുവനന്തപുരം : കടൽകൊലയാളികളായ ഇറ്റാലിയൻ ഭടന്മാരെ ഇന്ത്യയിൽ തിരിച്ചെത്തിക്കാൻ ഇടയാക്കിയ സുപ്രീംകോടതി നിലപാട് മത്സ്യതൊഴിലാളി മേഖലയിൽ ആശ്വാസത്തിന് വക നൽകിയതായും ഈ ഭടന്മാരെ മേലിൽ ഇറ്റലിയിലേക്ക് അയക്കാതിരിക്കുവാനുള്ള കർശനമായ തീരുമാനം കൈക്കൊള്ളാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി.പി. ജോൺ, നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം ദേശീയ സെക്രട്ടറി ടി. പീറ്റർ എന്നിവർ ആവശ്യപ്പെട്ടു. ഇറ്റാലിയൻ ഭടന്മാരുടെ തിരിച്ചുവരവ് സമരമുഖത്തു നിലകൊണ്ട മത്സ്യതൊഴിലാളികളുടെയും പൊതുസമൂഹത്തിന്റെയും വിജയമാണെന്ന് ഫെഡറേഷൻ നേതാക്കൾ അഭിപ്രായപ്പെട്ടു. ഇറ്റലിയുടെ തീരുമാനത്തിനെതിരെ പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും കൈക്കൊണ്ട നിലപാടിനെയും ഫെഡറേഷൻ സ്വാഗതം ചെയ്തു.

ഇറ്റാലിയൻ ഭടന്മാരെ വധശിക്ഷയ്ക്കു വിധേയമാക്കില്ലെന്ന് ഇറ്റലിക്ക് ഉറപ്പു നൽകിയ കേന്ദ്രസർക്കാരിന്റെ നിലപാട് പ്രതിഷേധാർഹമാണെന്നും, സുപ്രീംകോടതിയാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളേണ്ടതെന്നും ടി. പീറ്റർ, പി.പി. ജോൺ എന്നിവർ അഭിപ്രായപ്പെട്ടു. വധശിക്ഷ പൊതുവേ ഒഴിവാക്കണമെന്ന് പറയുന്നതിന് പകരം ഇറ്റാലിയൻ ഭടന്മാരെ മാത്രം വധശിക്ഷയിൽ നിന്ന് ഒഴിവാക്കണമെന്ന് പറയുന്നതിൽ ഔചിത്യമില്ല. വിവിധ രാജ്യങ്ങളിലെ ജയിലറകളിൽ കഴിയുന്ന നിരപരാതികളായ ഇന്ത്യക്കാരുടെ മോചനത്തിനായുള്ള രാഷ്ട്രീയ തീരുമാനം കൈക്കൊള്ളുകയാണ് വേണ്ടത്. ഇറ്റാലിയൻ ഭടന്മാരെ ഇറ്റലിയി ലേക്ക് പോകാൻ ഇനിയും അനുവദിച്ചാൽ രാജ്യവ്യാപകമായി മത്സ്യതൊഴിലാളികളും പൊതുവ സമൂഹവും പ്രക്ഷോഭസമരത്തിൽ ഇറങ്ങുമെന്ന് ടി. പീറ്ററും പി.പി. ജോണും മുന്നറിയിപ്പ് നൽകി. സെഷൻസ് കോടതിയുടെപോലും അധികാരമില്ലാത്ത മെട്രോപോളിറ്റൻ കോടതിയെ പ്രത്യേക കോടതിയായി നിയമിച്ചത് ഇറ്റാലിയൻ ഭടന്മാരെ രക്ഷപ്പെടുത്താൻ വേണ്ടി മാത്രമാണ്. പ്രത്യേക കോടതി കേരളത്തിൽ തന്നെ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിവ്യൂ ഹർജി സുപ്രീം കോടതിയുടെ ഫുൾബഞ്ചിൽ സമർപ്പിക്കേണ്ടതാണ്.

# കടകളടച്ച് ഹർത്താലാചരിച്ചുകൊണ്ട് കോർപ്പറേഷൻ ഓഫീസിലേക്ക് മാർച്ച് നടത്തി




തിരുവനന്തപുരം: പാളയം കണ്ണിമേറ മാർക്കറ്റിൽ കുടുംബശ്രീ വിപണന കേന്ദ്രം സ്ഥാപിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് കണ്ണിമേറ മാർക്കറ്റ് ജനകീയ സമിയുടെ നേതൃത്വത്തിൽ കടകൾ അടച്ച് ഹർത്താലാചരിച്ചുകൊണ്ട് മത്സ്യവിപണന സ്ത്രീകളും വ്യാപാരികളും. കോർപ്പറേഷൻ ഓഫീസിലേക്ക് മാർച്ച് നടത്തി. കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി മാഗ്ലിൻ പീറ്റർ മാർച്ച് ഉത്ഘാടനം ചെയ്തു. നഗര സഭാ പ്രതിപക്ഷ നേതാവ് ജോൺസൺ ജോസഫ്, ഓൾ കേരള ഫിഷ്മർച്ചന്റ്സ് ആന്റ് കമ്മിഷൻ ഏജന്റ് അസ്സോസിയേഷൻ ജില്ലാ സെക്രട്ടറി ബിജു മരിയ ദാസ് കൗൺസിലർ മേരിപുഷ്പം എന്നിവർ പ്രസംഗിച്ചു.

മത്സ്യവിപണന സ്ത്രീകളുടെയും വ്യാപാരികളുടെയും ശക്തമായ സമരത്തെതുടർന്ന് മേയർ കെ. ചന്ദ്രികയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം അടിയന്തിരമായി വിളിച്ചുകൂട്ടുകയുണ്ടായി. പാളയം കണ്ണിമേറ മാർക്കറ്റിൽ മത്സ്യവിപണന കേന്ദ്രം പുതുക്കിപ്പണിത് വിപുലീകരിക്കുകയും എല്ലാ മത്സ്യവിപണന തൊഴിലാളികൾക്കും കച്ചവടം നടത്താനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുമെന്ന് മേയർ യോഗത്തെ അറിയിച്ചതോടെയാണ് ഇതു സംബന്ധിച്ച പ്രശ്നത്തിന് വിരാമമായത്.

# തീരദേശ കപ്പൽപാത മത്സ്യബന്ധനാവകാശത്തെ ഹനിക്കും

കൊച്ചി: രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചു കൊടുന്ന ഇറ്റാലിയൻ സൈനികരെ വിചാരണ ചെയ്യാൻ ഡെൽഹിയിലെ പാട്യാല ഹൗസ് കോടതിയെ പ്രത്യേക കോടതിയായി നിശ്ചയിച്ചത് അംഗീകരിക്കാൻ കഴിയാത്തതാണെന്ന് കേരളാ ഫിഷറീസ് കോ–ഓർഡിനേഷൻ കമ്മിറ്റിയോഗം അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ കടലിൽ വച്ചാണ് രണ്ട് മത്സ്യത്തൊഴിലാളികൾ വെടിയേറ്റ് മരിച്ചത്. നീണ്ടകര പോലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. കൃത്യ സമയത്ത് യന്ത്രവൽക്കരണ ബോട്ടിൽ ഉണ്ടായിരുന്നവരും കൃത്യം കണ്ടവരും കേരളത്തിലും തമിഴ്നാട്ടിലും ഉള്ളവരാണ്. ഈ കേസ്സിന് മൊഴി കൊടുക്കാൻ ആ സാക്ഷികൾ ഡെൽഹിയിൽ എത്തണമെന്നത് പ്രതികളുടെ സൗകര്യം മാത്രം കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്. സർവ്വകലാശാല വിദ്യാഭ്യാസം ഇല്ലാത്ത സാക്ഷികൾക്ക് ന്യൂഡെൽഹിയിൽ എത്തിമൊഴികൊടുക്കാൻ ഭാഷയുടെ ബുദ്ധിമുട്ടുണ്ടാകും. കേരള സർക്കാർ സാക്ഷികൾക്ക് ഡെൽഹിയിൽ പോകുന്നതിന് ചിലവ് വഹിക്കാമെന്ന് പറയുന്നത് ഫലത്തിൽ കേരള സർക്കാർ ന്യൂഡെൽഹിയിലെ കോടതിയെ അംഗീകരിക്കുന്നതാണ്. ഈ കേസ്സ് കേരളത്തിൽ തന്നെ വിചാരണ നടത്തുന്നതിന് സുപ്രീം കോടതിയിൽ കേരള സർക്കാർ നിയമനടപടികൾ സ്വീകരിക്കണം. കൂടുതൽ ജഡ്ജിമാരുള്ള ഒരു ബഞ്ചിൽ വിധി പുനപരിശോധിക്കാൻ ആവശ്യപ്പെടണമെന്നും ഫിഷറീസ് കോ–ഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു.

നിർദ്ദിഷ്ട തീരദേശ കപ്പൽപ്പാത പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനാവകാശത്തെ ഹനിക്കുന്നതാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

1976 ലെ മാരിടൈം നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യണം. കടലിൽ സംസ്ഥാനങ്ങൾക്കുള്ള അവകാശം 60 നോട്ടിക്കൽ മൈൽ ആയി നിജപ്പെടുത്തണം.

യോഗത്തിൽ റ്റി.ജെ. ആഞ്ചലോസ് അദ്ധ്യക്ഷതവഹിച്ചു. ജനറൽ കൺവീനർ അഡ്വ.വി.വി.ശശീന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. സർവ്വശ്രീ ആസ്റ്റിൻ ഗോമസ്, ടി.പീറ്റർ, ഒ.ബി.രവീന്ദ്രൻ, പുല്ലുവിള സ്റ്റാൻലി, മാത്യുമാസ്റ്റർ, ചാൾസ് ജോർജ്ജ്, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, പുല്ലുവിള ലോറൻസ്, ചവറ സരസ്സൻ, ജി.ബി. ഭട്ട് തുടങ്ങിയവർ സംസാരിച്ചു.


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT ALAKAL FORTNIGHTLY

Form IV
(See Rule-8)

1. Place of Publication : Thiruvananthapuram
2. Periodicity of Publication : Fortnightly
3. Printers/Publishers/Editor's Name, address and Nationality : T. Peter, "Udayam", Valiaveli P.O., Thiruvananthapuram - 695 021, Kerala, India
4. Name and address of & individuals who won the news paper : Trivandrum, District, Fishermen's Union, Valiathura P.O., Thiruvananthapuram - 695 008, Kerala

I, T. Peter hereby declare that the particulars given above are true to the best of my knowledge and belief

Sd/-
T.Peter

Thiruvananthapuram
30-03-2013